## മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560
*ഫോൺ:* 0481-2733370

## വാർത്താക്കുറിപ്പ്

**2024 ഒക്ടോബർ 16**

---

### സ്പോർട്സ് സ്കോളർഷിപ്പ്

*മഹാത്മാഗാന്ധി സർവകലാശാല 2022-2023, 2023- 2024 വർഷങ്ങളിലേക്കുള്ള സ്പോർട്സ് സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു. കോളജ് പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ നിശ്ചിത മാതൃകയിലുള്ള അപേക്ഷ, സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം നവംബർ 20ന് മുൻപ് സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് ഓഫീസിൽ ലഭിക്കണം. അപേക്ഷ ഫോം സർവകലശാലാ വെബ് സൈറ്റിൽ.*
*(പി.ആർ.ഒ/39/930/2024)*

### പരീക്ഷാ തീയതി

*എട്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എംഎസ്സി(ബേസിക്ക് സയൻസ്-കെമിസ്ട്രി, സ്റ്റാറ്റിസ്റ്റിക്സ്, കമ്പ്യൂട്ടർ സയൻസ്-ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ്, ഇന്റഗ്രേറ്റഡ് എംഎ ലാംഗ്വേജസ്-ഇംഗ്ലീഷ് (പുതിയ സ്കീം 2020 അഡ്മിഷൻ റെഗുലർ സെപ്റ്റംബർ 2024) പരീക്ഷകൾ ഒക്ടോബർ 29 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*
*(പി.ആർ.ഒ/39/931/2024)*

### പരീക്ഷക്ക് അപേക്ഷിക്കാം

*അഞ്ചാം സെമസ്റ്റർ ബിവോക്ക് (2022 അഡ്മിഷൻ റെഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് പുതിയ സ്കീം) പരീക്ഷകൾക്ക് ഒക്ടോബർ 24 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഒക്ടോബർ 28 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ ഒന്നു വരെയും അപേക്ഷ സ്വീകരിക്കും.*

........................

*മൂന്നാം സെമസ്റ്റർ ബിവോക്ക് (2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് പുതിയ സ്കീം) പരീക്ഷകൾക്ക് ഒക്ടോബർ 28 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ ഒന്നുവരെയും സൂപ്പർ ഫൈനോടുകൂടി നവംബർ നാലുവരെയും അപേക്ഷ സ്വീകരിക്കും*
*(പി.ആർ.ഒ/39/932/2024)*

### പ്രാക്ടിക്കൽ

*മൂന്നാം സെമസ്റ്റർ ബിഎഡ് (2023 അഡ്മിഷൻ റെഗുലർ ഒക്ടോബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഒക്ടോബർ 21 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*
*(പി.ആർ.ഒ/39/933/2024)*

## അസിസ്റ്റന്റ് പ്രഫസർ; കരാർ നിയമനം

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഏഴു പഠന വകുപ്പുകളിൽ 2024-25 അക്കാദമിക് വർഷത്തിലേക്ക് അസിസ്റ്റന്റ് പ്രഫസർ തസ്തികയിൽ കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ഒരു വർഷത്തേക്കുള്ള കരാർ വാർഷിക വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ദീർഘിപ്പിക്കാൻ സാധ്യതയുണ്ട്. യു.ജി.സി നിഷ്കർഷിക്കുന്ന യോഗ്യതയുള്ളവരെയാണ് പരിഗണിക്കുന്നത്. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/934/2024)*

## ഫസ്റ്റ് എയ്ഡ്; സർട്ടിഫിക്കറ്റ് പ്രോഗാം

*മഹാത്മാഗാന്ധി സർവകലാശാലയിലെ ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് ആൻഡ് എക്സ്റ്റൻഷൻ തൃശൂർ ദയ ജനറൽ ആശുപത്രിയുടെ സഹകരണത്തോടെ നടത്തുന്ന ബേസിക് ഫസ്റ്റ് എയ്ഡ് സർട്ടിഫിക്കറ്റ് പ്രോഗ്രാമിന് അപേക്ഷ ക്ഷണിച്ചു.*

*പ്ലസ് ടൂ അല്ലെങ്കിൽ പ്രീ ഡിഗ്രി വിജയിച്ചവർക്കാണ് അവസരം. കോഴ്സ് ഫീസ് 3200 രൂപ. താത്പര്യമുള്ളവർ യോഗ്യതാ രേഖകളുടെ അസ്സലും പകർപ്പുകളും രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോകളുമായി ഒക്ടോബർ 30ന് വകുപ്പിൽ എത്തണം. ഫോൺ-0481-2733399, 08301000560*

*(പി.ആർ.ഒ/39/935/2024)*

പബ്ലിക് റിലേഷൻസ് ഓഫീസർ